**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3365** **25-10-2021 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ റീസർവ്വേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ സുജിത് വിജയൻപിള്ള | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | അതിർത്തി തർക്കങ്ങളുമായി ബന്ധപ്പെട്ടുള്ള സർവ്വേ നടപടികൾക്കായി താലൂക്ക് ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എല്ലാ വില്ലേജുകളിലും ഡിജിറ്റൽ റീസർവ്വേ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (ബി) | സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയായെങ്കിലും 87 വില്ലേജുകൾ ഒഴികെ ബാക്കിയുള്ള വില്ലേജുകളെല്ലാം പരമ്പരാഗത സർവെ ഉപകരണങ്ങൾ ഉപയോഗിച്ച് സർവെ ചെയ്തിട്ടുള്ളതും റിക്കാർഡുകൾ പേപ്പർ ഫോർമാറ്റിലുമാണ്. ടി മാപ്പുകളൊന്നും കാലഘട്ടത്തിനനുസൃതമായി ഡിജിറ്റൽ ഫോർമാറ്റിൽ മാറ്റുന്നതിനോ ഡിജിറ്റൽ സംവിധാനത്തിലൂടെയുള്ള സേവനം ജനങ്ങൾക്ക് നൽകുന്നതിനോ സാധിക്കാത്തതാണ്. സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും ഡിജിറ്റൽ സർവെ മാപ്പുകൾ ആവശ്യമാണ്. ആയതിനാൽ ഡിജിറ്റൽ റിക്കാർഡുകൾ തയ്യാറാക്കിയിട്ടുള്ള 87 വില്ലേജുകളും, നിലവിൽ ഡിജിറ്റൽ സർവെ ജോലികൾ പുരോഗതിയിലുള്ള 29 വില്ലേജുകളും ഒഴികെ ശേഷിക്കുന്ന 1550 വില്ലേജുകൾ നൂതന സർവെ സാങ്കേതിക വിദ്യകളായ CORS (Continuously Operating Reference Stations), RTK (Real Time Kinematic), Drone, ETS എന്നിവ പ്രയോജനപ്പെടുത്തി 4 വർഷത്തിനകം ഡിജിറ്റൽ സർവെ പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടെ 807.98 കോടി രൂപയുടെ പദ്ധതി അംഗീകരിച്ച് 4 ഘട്ടങ്ങളായി നടക്കുന്ന ഡിജിറ്റൽ റീസർവ്വെയുടെ ആദ്യ ഘട്ടത്തിന് 339.438 കോടി രൂപ RKI ൽ ഉൾപ്പെടുത്തി അനുമതി നൽകിയിട്ടുണ്ട്. |
| (സി) | എങ്കിൽ ഇത് പൂർത്തിയാക്കുന്നതിനായി കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; അറിയിക്കുമോ? | (സി) | സംസ്ഥാനത്താകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റൽ രീതിയിൽ റീസർവ്വെ പൂർത്തീകരിച്ച 87 വില്ലേജുകളും, നിലവിൽ ഡിജിറ്റൽ രീതിയിൽ |

| | | | |
|---|---|---|---|
| | | | സർവെ ചെയ്യുന്ന 29 വില്ലേജുകളും ഒഴികെ ശേഷിക്കുന്ന 1550 വില്ലേജുകൾ നൂതന സർവെ സാങ്കേതിക വിദ്യകളായ CORS (Continuously Operating Reference Stations), RTK (Real Time Kinematic), Drone, ETS എന്നിവ പ്രയോജനപ്പെടുത്തി 4 വർഷത്തിനകം ഡിജിറ്റൽ സർവെ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ